**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. അനൂപ് ജേക്കബ് , ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വിപുലീകരണത്തോടൊപ്പം ആധുനിക സാങ്കേതിക വിദ്യകളുടെയും നൂതനോപകരണങ്ങളുടെയും പ്രയോഗം പ്രാവർത്തികമാക്കിയിട്ടുണ്ടോ; പോലീസ് സ്റ്റേഷനുകൾക്കെല്ലാം സ്വന്തം കെട്ടിടം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്. ആധുനിക സമൂഹത്തിന് അനുയോജ്യമായ ഒരു സമഗ്ര പോലീസ് നയം സർക്കാർ രൂപീകരിച്ചിരുന്നു. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന സേവനങ്ങൾക്ക് പുറമേ, ജനങ്ങളുമായി കൂടുതൽ അടുത്ത് പ്രവർത്തിക്കുന്നതും ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമായ പുതിയ സമീപനങ്ങളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. ഇവ പ്രാവർത്തികമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്.<br>2025 ജനുവരി വരെയുള്ള കണക്കുകൾ പ്രകാരം 43 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. ഇതിൽ 5 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണം പൂർത്തിയായി, 01.03.2025-ന് ഉദ്ഘാടനം ചെയ്തു. 12 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 26 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചത് പോലീസ് സേനയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിയ്ക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർ എസ്.എച്ച്.ഒ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അതുവഴി ഓരോ പോലീസ് സ്റ്റേഷന്റെയും ഭരണപരമായ കാര്യങ്ങളിലും മറ്റുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുകയും പൊതുജനങ്ങളുടെ ആവലാതികൾ എസ്.എച്ച്.ഒ.മാരായ ഇൻസ്പെക്ടർമാർ കേൾക്കുകയും തുടർ നടപടികൾ അതിവേഗം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>രണ്ടോ അതിലധികമോ എസ്.ഐ. മാർ ഉള്ള |

| | | | |
|---|---|---|---|
| | | | എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമ സമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. ഈ പരിഷ്കാരം വഴി കേസന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും കാര്യക്ഷമമായി ഇടപെടാനും സാധിക്കുന്നുണ്ട്. |
| (സി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ സാമ്പത്തിക കുറ്റകൃത്യാന്വേഷണ വിഭാഗം പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br>വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കൊമേഴ്സിന്റെയും കമ്പോള സമ്പദ് വ്യവസ്ഥയുടെയും കാലഘട്ടമാണിത്. അതിനാൽ സാമ്പത്തിക തട്ടിപ്പ് കേസുകളുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. ഇത്തരം കേസുകൾ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കേണ്ട ആവശ്യകത മനസ്സിലാക്കി ഒരു സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ക്രൈം ബ്രാഞ്ചിന് കീഴിൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഒരു ഐ.ജി.പി.യും, 4 എസ്.പി.യും, 11 ഡി.വൈ.എസ്.പി-മാരും ഉൾപ്പെടെ 233 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റം വരുത്തുക എന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്ന പ്രത്യേക പോർട്ടൽ 'THUNA', 'POL- APP' എന്നിവ ഇതിൽ പ്രധാനമാണ്.

- ചെറിയ അപകടങ്ങൾ സംഭവിക്കുമ്പോൾ ആവശ്യമായി വരുന്ന 'ആക്സിഡന്റ് ജനറൽ ഡയറി എൻട്രി', FIR-ന്റെ പകർപ്പ്, ഉച്ചഭാഷിണികൾക്കുള്ള അനുമതി തുടങ്ങിയവ ഇപ്പോൾ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്.

- പാസ്പോർട്ട് വെരിഫിക്കേഷന്റെ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും ഓൺലൈനിലാണ് നിർവ്വഹിക്കുന്നത്. ഇതു വഴി കാലതാമസം വലിയതോതിൽ ഒഴിവാക്കാനാകും.

- സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളേയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്.

- സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവർക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ഇവരെ സഹായിക്കുന്നതിന് ഒരു പബ്ലിക് റിലേഷൻസ് ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

- പരാതിക്കാർക്ക് ഇരിക്കുവാനായി സ്ഥലസൗകര്യവും കുടിവെള്ളവും ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

- സ്റ്റേഷനുകളിൽ പരമ്പരാഗതമായ രീതിയിൽ റൈഫിൾ ഉപയോഗിച്ചുള്ള പാറാവ് ഡ്യൂട്ടി ഒഴിവാക്കി പിസ്റ്റൾ പോലുള്ള ആയുധങ്ങൾ യൂണിഫോമിനൊപ്പം ധരിക്കാവുന്ന രീതിയിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭയരഹിതരായി കടന്നു ചെല്ലുന്നതിന് ഈ മാറ്റങ്ങൾ സഹായകരമാവും.

- പരാതിക്കാർക്ക് സ്വദേശത്തും വിദേശത്തു നിന്നും പരാതികൾ സമർപ്പിക്കുന്നതിനും അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും Online/Virtual Policing സംവിധാനം നിലവിലുണ്ട്.

- എല്ലാ പരാതികളും കൃത്യതയോടെ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നുള്ളതും ഇതിൽ പ്രധാനമാണ്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ മൊഴി രേഖപ്പെടുത്തുന്നതിനും കഴിയും.

- എല്ലാ സ്റ്റേഷനുകളിലും CCTV ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചതു വഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

- സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുക എന്നത് പോലീസിന് വലിയ വെല്ലുവിളിയാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ Face Recognition System (i-COPS) ഏത് കുറ്റവാളികളെയും തിരിച്ചറിയുന്നതിന് സഹായകരമായ സംവിധാനമാണ്.

- ഓൺലൈൻ സാമ്പത്തിക ചതിക്കുഴികളിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.

- മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കാനും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിക്കുന്നത്. അതോടൊപ്പം ഏത് കുട്ടികൾക്കും കടന്നു വരാവുന്ന വിധം സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം അംഗപരിമിതർക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- എല്ലാ സ്റ്റേഷനുകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക വിശ്രമമുറികൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

- ഏതവസരത്തിലും ജനങ്ങളുടെ ആവശ്യത്തിന് ഓടിയെത്തുന്നതിനായി പോലീസ് സ്റ്റേഷനുകൾക്ക് മതിയായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്.

- സംസ്ഥാനത്ത് പുതിയതായി 70 സ്കൂളുകൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്(എസ്.പി.സി) അനുവദിച്ചിട്ടുണ്ട്. നിലവിൽ 979 സ്കൂളുകളിൽ എസ്.പി.സി പദ്ധതികൾ പ്രവർത്തിച്ചു വരുന്നു.

- കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള പ്രധാന തെളിവായ വിരലടയാളം എല്ലാ സ്റ്റേഷനുകളിലും ഡിജിറ്റലായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- **<u>കേന്ദ്രീകൃത കൺട്രോൾ റൂം</u>**

സംസ്ഥാനത്ത് പോലീസിന്റെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാകും വിധം അടിയന്തര സേവനങ്ങൾക്ക് 112 എന്ന നമ്പരിൽ കേന്ദ്രീകൃത കൺട്രോൾ റൂം ERSS പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു.

പൊതുജനങ്ങൾക്ക് ഏത് അടിയന്തര ഘട്ടങ്ങളിലും പോലീസിന്റെ സഹായം തേടാവുന്ന സാഹചര്യമാണ് ഇതുവഴി സജ്ജമാക്കിയിട്ടുള്ളത്.

- **സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ**

പോലീസ് ആധുനികവൽകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായിട്ടുള്ള പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്.

- ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിതബുദ്ധി സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

- **ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ**

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

- **Counter Child Sexual Exploitation Cell (CCSE)**

സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിന് ആവിഷ്ക്കരിച്ച കേരള പോലീസിന്റെ മികവുറ്റ കേന്ദ്രമാണ് Counter Child Sexual Exploitation Cell.

- **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

കേരള പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **സൈബർഡോം**

സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി തിരുവനന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ ഡോം ആരംഭിച്ചു. സൈബർ ഡോമുകളിൽ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ സഹായം കുറ്റാന്വേഷണത്തിനും മറ്റും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന പഠനങ്ങൾ നടത്തി വരുന്നു.

- ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷ ഭീഷണികൾ നേരിടുന്നതിനായി ഒരു Drone Forensic Lab & Research Centre സ്ഥാപിച്ചിട്ടുണ്ട്.

- കുറ്റാന്വേഷണം കുറ്റമറ്റതാക്കുന്നതിന് വേണ്ടി സർക്കാർ ഫോറൻസിക് സയൻസ് ലബോറട്ടറികളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ 28 സയന്റിഫിക് ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

- **സൈബർ പോലീസ് സ്റ്റേഷനുകൾ**

സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്.

- **സൈബർ പോലീസ് ഡിവിഷൻ**

സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനായി ഒരു സൈബർ പോലീസ് ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ട്.

- **സാമ്പത്തിക കുറ്റകൃത്യ വിഭാഗം**

സാമ്പത്തിക തട്ടിപ്പ് കേസുകൾ അന്വേഷണം നടത്തുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

- **അപരാജിത പദ്ധതി**

ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി പോലീസ് സംവിധാനമായ അപരാജിത പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പരാതികൾ 9497996992 എന്ന ഫോൺ നമ്പർ മുഖേനയും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസം മുഖേനയും അറിയിക്കാവുന്നതാണ്.

- **ചിരി പദ്ധതി**

മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് സഹായഹസ്തവുമായി കേരളാ പോലീസ് നടപ്പിലാക്കിയ "ചിരി പദ്ധതി" സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്നു. ഇതിനായി ചിരി ഹെൽപ്പ് ലൈൻ നമ്പർ (9497900200) നിലവിലുണ്ട്.

- **കൂട്ട് നിയമ സഹായ പദ്ധതി**

സൈബർ ലോകത്ത് വർദ്ധിച്ച് വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി കേരള പോലീസ്, ബച്പൻ ബച്ചാവോ ആന്തോളൻ സംഘടനയുമായി കൈകോർത്ത് "കൂട്ട്" എന്ന പേരിൽ ഒരു സമഗ്ര ബോധവൽക്കരണ നിയമസഹായ പദ്ധതി നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ